**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ പെൻഷൻ പദ്ധതിയിലെ വ്യവസ്ഥ പ്രകാരം ജീവനക്കാർ വിരമിക്കുന്നതിന് ഒരു വർഷം മുമ്പ് തന്നെ പെൻഷൻ അപേക്ഷ പെൻഷൻ ബോർഡിലേക്ക് സമർപ്പിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകൾ അതാത് ജില്ലകളിലെ പെൻഷൻ ഫണ്ട് ഇൻസ്പെക്ടർക്ക് നൽകുകയും പ്രസ്തുത ഉദ്യോഗസ്ഥർ സംഘത്തിൽ നേരിട്ട് പരിശോധന നടത്തി, പെൻഷൻ ഫണ്ട് കുടിശ്ശികയുള്ള പക്ഷം തുകയടവാക്കുവാൻ സംഘത്തിന് ഡിമാന്റ് നോട്ടീസ് നൽകുകയും ശേഷം വിശദമായ റിപ്പോർട്ട് പെൻഷൻ ബോർഡിൽ സമർപ്പിക്കുകയും ചെയ്യുന്നു. സംഘം കുടിശ്ശിക തുകയടവാക്കുന്ന മുറയ്ക്ക് തന്നെ തൊട്ടടുത്ത പെൻഷൻ ബോർഡ് ഭരണസമിതി യോഗത്തിൽ പെൻഷൻ പാസ്സാക്കി കാലതാമസം കൂടാതെ പെൻഷൻ വിതരണം നടത്തി വരികയുമാണ് ചെയ്യുന്നത്.<br><br>പെൻഷൻ അപേക്ഷ യഥാസമയം സമർപ്പിക്കാതിരിക്കുകയോ അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം ആയത് പരിഹരിക്കുന്നതിന് സംഘം കാലതാമസം വരുത്തുകയോ കുടിശ്ശിക തുക അടവാക്കാൻ തയ്യാറാകാതെ വരുമ്പോഴോ ഉള്ള സാഹചര്യങ്ങളിൽ മാത്രമാണ് പെൻഷൻ വിതരണത്തിന് കാലതാമസം ഉണ്ടാകുന്നത്. |
| (ബി) | കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് അറ്റൻഡറായി വിരമിച്ച എ. സഹദേവൻ എന്നയാളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ആയത് വേഗത്തിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രീ. എ. സഹദേവൻ കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരൻ ആയിരുന്നില്ലയെന്നാണ് ബാങ്ക് പെൻഷൻ ബോർഡിന് റിപ്പോർട്ട് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ